**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 506** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയും ടാക്സ്പെയർ യൂണിറ്റുകളിലെ പ്രോപ്പർ ഓഫീസർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന നികുതിദായകരെ ഓരോ മാസവും റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുൻപും അതിനു ശേഷവും നേരിട്ടോ ഫോൺ മുഖാന്തിരമോ നിരന്തരം ബന്ധപ്പെടുകയും ഫയൽ ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. റിട്ടേൺ ഫയൽ ചെയ്യുവാൻ വീഴ്ച വരുത്തുന്ന നികുതിദായകർക്ക് സിസ്റ്റം തന്നെ "3A" നോട്ടീസ് യഥാസമയം അയക്കുന്നുണ്ട്. “3A" നോട്ടീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ ഫയൽ ചെയ്യാത്ത നികുതിദായകരിൽ നിന്നും പ്രസ്തുത കാലയളവിലേക്കുള്ള പലിശയും ലേറ്റ് ഫീ യും ഈടാക്കിവരുന്നുണ്ട്. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ 2 മാസത്തിൽ കൂടുതൽ വീഴ്ച്ച വരുത്തിയാൽ ഇ-വേ ബിൽ എടുക്കുന്നത് തടയപ്പെടുന്നു. കൂടാതെ 6 മാസത്തിൽ കൂടുതൽ കാലയളവിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരുടെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദ് ചെയ്യുന്നുണ്ട്. സമയബന്ധിതവും കൃത്യവുമായ ജി.എസ്.ടി. റിട്ടേൺ ഫയലിംഗിന്റെ പ്രാധാന്യത്തെ കുറിച്ച് നികുതിദായകരെ ബോധവത്ക്കരിക്കുന്നതിന് വകുപ്പ് പതിവായി ബോധവൽക്കരണ കാമ്പയിനുകളും വർക്ക് ഷോപ്പുകളും നടത്തുന്നു. റിട്ടേൺ ഫയലിംഗ് പ്രശ്നങ്ങൾ നേരിടുന്ന നികുതിദായകർക്ക് പിന്തുണ നൽകുന്നതിനായി വകുപ്പ് സഹായ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി.ആർ.1 (ഡീറ്റെയ്ൽഡ്), ജി.എസ്.ടി.ആർ.3ബി.(സമ്മറി) എന്നിവയുടെ ഫയലിംഗിലെ അപാകതകൾ സി.ആൻഡ് എ.ജി. | (ബി) | പരിശോധിച്ചിട്ടുണ്ട്. 2019-21 കാലയളവിലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ജി.എസ്.ടി.ആർ.-1, ജി.എസ്.ടി.ആർ.-3ബി എന്നിവയുടെ ഫയലിംഗിന്റെ |

| | | | |
|---|---|---|---|
| | യുടെ 2019-21 കാലയളവിലെ സംസ്ഥാന വരുമാനം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | | വിശദാംശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഏപ്രിൽ 2019 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ ജി.എസ്.ടി.ആർ.-3ബി റിട്ടേൺ ഫയൽ ചെയ്തതിനെ അപേക്ഷിച്ച് ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്ത വ്യാപാരികളുടെ ശതമാനക്കണക്ക് കുറവായിട്ടാണ് സി. ആൻഡ് എ.ജി. കണ്ടെത്തിയത്. ഇത് 2020-21 & 2021-22 കാലയളവിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. വകുപ്പ് ഇത്തരം കേസുകൾ പരിശോധിച്ച് കാലാകാലങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിരുന്നു.<br><br>ജി.എസ്.ടി. നിയമ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് സെക്ഷൻ 47 പ്രകാരം ലേറ്റ് ഫീ ഓരോ ദിവസവും ഒടുക്കേണ്ടതുണ്ട്. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഒരു വ്യാപാരി തന്റെ ജി.എസ്.ടി.ആർ.-1 റിട്ടേൺ ഫയൽ ചെയ്യാത്ത പക്ഷം, സാധനങ്ങൾ വാങ്ങിയ വ്യാപാരിക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എടുക്കുവാൻ സാധിക്കുകയില്ല. ഇതുവഴി സർക്കാരിന് ഉണ്ടായേക്കാവുന്ന നികുതി ചോർച്ച ഒരു പരിധി വരെ തടയുവാൻ സാധിച്ചിട്ടുണ്ട്. ജി.എസ്.ടി.ആർ.-1, ജി.എസ്.ടി.ആർ.-3ബി എന്നിവ ഒത്തുനോക്കി നികുതി നിർണ്ണയം നടത്തുന്നത് സ്ക്രൂട്ടിണി പരാമീറ്ററ്റേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പരാമീറ്ററുകൾ പ്രകാരം 2019-20 വരെ റിട്ടേൺ സ്ക്രൂട്ടിനി നടത്തി കേസുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നികുതി നിർണ്ണയത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>കോവിഡ് സാഹചര്യവും മറ്റ് പല കാരണങ്ങൾ കൊണ്ടും സമയ പരിധിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യുവാൻ സാധിക്കാത്തവർക്ക് റിട്ടേൺ ഫയലിംഗ് മെച്ചപ്പെടുത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. കൂടാതെ, sequential filing of GSTR1 ആണ് ഇപ്പോൾ നിലനിൽക്കുന്നത്.<br><br>അതായത്, ജി.എസ്.ടി നിയമം 37(4) പ്രകാരം ഒരു വ്യാപാരി മുൻ മാസത്തെ ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്തിട്ടില്ലായെങ്കിൽ തുടർന്നുവരുന്ന മാസം ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്യുവാൻ സാധിക്കുകയില്ല. സെക്ഷൻ 39(10) പ്രകാരം ഒരു വ്യാപാരി മുൻമാസത്തെ ജി.എസ്.ടി.ആർ.-3ബി അല്ലെങ്കിൽ ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്തിട്ടില്ലായെങ്കിൽ തുടർന്ന് വരുന്ന മാസം |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി.ആർ.-3ബി ഫയൽ ചെയ്യുവാനും സാധിക്കുകയില്ല. പ്രസ്തുത പദ്ധതികൾ പ്രകാരം റിട്ടേൺ ഫയലിംഗിൽ നല്ല പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ജനുവരി 2023-ലെ ജി.എസ്.ടി.എൻ.-ന്റെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് ദേശീയ ശരാശരിയെക്കാളും ഉയർന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന റിട്ടേൺ ഫയലിംഗ് സംവിധാനം കാര്യക്ഷമവും സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കത്തക്കതുമാണ്. |
| (സി) | പ്രസ്തുത അപാകതകൾ കാരണം ജി.എസ്.ടി.ആർ. 1 -ലേയും ജി.എസ്.ടി.ആർ.3ബി. യിലേയും വിവരങ്ങൾ തമ്മിൽ ഒത്തുനോക്കാനും നികുതി വെട്ടിയ്ക്കുന്നവരെയും പുതുതായി ജി.എസ്.ടി. രജിസ്ട്രേഷൻ ചെയ്യേണ്ടവരെയും കണ്ടെത്താൻ വകുപ്പിന് സാധിക്കുന്നില്ലെന്ന സി.ആൻഡ് എ.ജി.യുടെ കണ്ടെത്തൽ ഗൗരവമേറിയതാണോയെന്ന് വ്യക്തമാക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. 2019-21 കാലയളവിലെ സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ജി.എസ്.ടി.ആർ.-1, ജി.എസ്.ടി.ആർ.-3ബി എന്നിവയുടെ ഫയലിംഗിന്റെ വിശദാംശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഏപ്രിൽ 2019 മുതൽ മാർച്ച് 2021 വരെയുള്ള കാലയളവിൽ ജി.എസ്.ടി.ആർ.-3ബി റിട്ടേൺ ഫയൽ ചെയ്തതിനെ അപേക്ഷിച്ച് ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്ത വ്യാപാരികളുടെ ശതമാനക്കണക്ക് കുറവായിട്ടാണ് സി. ആൻഡ് എ.ജി. കണ്ടെത്തിയത്. ഇത് 2020-21 & 2021-22കാലയളവിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. വകുപ്പ് ഇത്തരം കേസുകൾ പരിശോധിച്ച് കാലാകാലങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിരുന്നു.<br><br>ജി.എസ്.ടി. നിയമ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് സെക്ഷൻ 47 പ്രകാരം ലേറ്റ് ഫീ ഓരോ ദിവസവും ഒടുക്കേണ്ടതുണ്ട്. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഒരു വ്യാപാരി തന്റെ ജി.എസ്.ടി.ആർ.-1 റിട്ടേൺ ഫയൽ ചെയ്യാത്ത പക്ഷം, സാധനങ്ങൾ വാങ്ങിയ വ്യാപാരിക്ക് ഇൻപുട്ട് ടാക്സ് ക്രഡിറ്റ് എടുക്കുവാൻ സാധിക്കുകയില്ല. ഇതുവഴി സർക്കാരിന് ഉണ്ടായേക്കാവുന്ന നികുതി ചോർച്ച ഒരു പരിധി വരെ തടയുവാൻ സാധിച്ചിട്ടുണ്ട്. ജി.എസ്.ടി.ആർ.-1, ജി.എസ്.ടി.ആർ.-3ബി എന്നിവ ഒത്തുനോക്കി നികുതി നിർണ്ണയം നടത്തുന്നത് സ്ക്രൂട്ടിണി പരാമീറ്ററ്റ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പരാമീറ്ററുകൾ പ്രകാരം 2019-20 വരെ റിട്ടേൺ സ്ക്രൂട്ടിനി നടത്തി കേസുകൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നികുതി നിർണ്ണയത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>കോവിഡ് സാഹചര്യവും മറ്റ് പല കാരണങ്ങൾ കൊണ്ടും സമയ പരിധിക്കുള്ളിൽ റിട്ടേൺ ഫയൽ |

| | | | |
|---|---|---|---|
| | | | ചെയ്യുവാൻ സാധിക്കാത്തവർക്ക് റിട്ടേൺ ഫയലിംഗ് മെച്ചപ്പെടുത്തുന്നതിനായി ജി.എസ്.ടി. കൗൺസിൽ ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. കൂടാതെ, sequential filing of GSTR1 ആണ് ഇപ്പോൾ നിലനിൽക്കുന്നത്.<br><br>അതായത്, ജി.എസ്.ടി നിയമം 37(4) പ്രകാരം ഒരു വ്യാപാരി മുൻ മാസത്തെ ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്തിട്ടില്ലായെങ്കിൽ തുടർന്നുവരുന്ന മാസം ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്യുവാൻ സാധിക്കുകയില്ല. സെക്ഷൻ 39(10) പ്രകാരം ഒരു വ്യാപാരി മുൻമാസത്തെ ജി.എസ്.ടി.ആർ.-3ബി അല്ലെങ്കിൽ ജി.എസ്.ടി.ആർ.-1 ഫയൽ ചെയ്തിട്ടില്ലായെങ്കിൽ തുടർന്ന് വരുന്ന മാസം ജി.എസ്.ടി.ആർ.-3ബി ഫയൽ ചെയ്യുവാനും സാധിക്കുകയില്ല. പ്രസ്തുത പദ്ധതികൾ പ്രകാരം റിട്ടേൺ ഫയലിംഗിൽ നല്ല പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ജനുവരി 2023-ലെ ജി.എസ്.ടി.എൻ.-ന്റെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് ദേശീയ ശരാശരിയെക്കാളും ഉയർന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന റിട്ടേൺ ഫയലിംഗ് സംവിധാനം കാര്യക്ഷമവും സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കത്തക്കതുമാണ്. |

സെക്ഷൻ ഓഫീസർ